നം.റ്റി1.53/2024/ജി.പി.എച്ച്.റ്റി.സി.

**ഗവ.പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്റർ**
**തിരുവനന്തപുരം, തീയതി: 09/09/2024**
**ഫോൺ: 0471-2479492**
**ഇമെയിൽ: phtstvpm@gmail.com**

# സർക്കുലർ

വിഷയം: ജി.പി.എച്ച്.റ്റി.സി - ഡി.എച്ച്.ഐ.സി- വാർഷിക പൊതു പരീക്ഷ ജൂൺ 2024 - റിസൾട്ട് പ്രസിദ്ധീകരിക്കുന്നത് – സംബന്ധിച്ച്.

ജൂൺ 2024 - ൽ നടത്തിയ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ വാർഷിക പൊതു പരീക്ഷയുടെ പരീക്ഷാഫലം ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. **മേൽ പരീക്ഷാഫലത്തിലെ തിയറി പേപ്പറിന്, റീവാല്യുവേഷന് അപേക്ഷ നൽകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഈ സർക്കുലറിനോടൊപ്പം പ്രസിദ്ധീകരിക്കുന്ന അപേക്ഷ ഫോറം തെറ്റ് കൂടാതെ കൃത്യതയോടെ പൂരിപ്പിച്ച് അതാത് സ്ഥാപനമേധാവിക്ക് നൽകേണ്ടതാണ്. സ്ഥാപനമേധാവികൾ മേൽ അപേക്ഷകൾ സസൂക്ഷ്മം പരിശോധിച്ച് ഓരോ അപേക്ഷയും സാക്ഷ്യപ്പെടുത്തിയതിനു ശേഷം മാത്രം സ്ഥാപനത്തിന്റെ ആമുഖ കത്തോടൊപ്പം അപേക്ഷകൾ ഒരുമിച്ച് ഗവൺമെന്റ് പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്ററിൽ 25/09/2024 -നുള്ളിൽ ലഭിക്കത്തക്കവിധം അതാത് സ്ഥാപനങ്ങളിൽ നിന്ന് നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്.**

റീവാല്യുവേഷനുള്ള ഫീസ് പേപ്പറൊന്നിന് 150 രൂപ നിരക്കിൽ **സെക്രട്ടറി, പാരാമെഡിക്കൽ കൗൺസിലിന്റെ അക്കൗണ്ടിലേക്ക് (SBI, തിരുവനന്തപുരം മെയിൻ ബ്രാഞ്ച്, Account No. 57036990991, IFSC. SBIN0070028) ബാങ്കിൽ നേരിട്ട് ഒടുക്കിയ ശേഷം,** ആയതിന്റെ ഒറിജിനൽ കൗണ്ടർഫോയിലിൽ ജേണൽ നമ്പർ/ ട്രാൻസാക്ഷൻ റെഫറൻസ് നമ്പർ ബാങ്കിൽ നിന്ന് എഴുതി വാങ്ങേണ്ടതും ആയത് അതാത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന റീവാല്യുവേഷനുള്ള ഫീസ് ഒടുക്കുന്നത് സ്വീകാര്യമല്ല.

അതാത് സ്ഥാപന മേധാവി മുഖേന അല്ലാതെ ഗവ.പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്ററിൽ വിദ്യാർത്ഥികൾ നേരിട്ട് സമർപ്പിക്കുന്ന അപേക്ഷകളോ, അപൂർണ്ണമായ അപേക്ഷകളോ, 25/09/2024 ന് ശേഷം ലഭിക്കുന്നതോ ആയ ഒരു റീവാല്യുവേഷൻ അപേക്ഷകളും സ്വീകരിക്കുന്നതല്ല.

9/9/24

**സ്റ്റേറ്റ് നോഡൽ ആഫീസർ, ഡി.എച്ച്.ഐ.സി.**